**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3830** — **06-08-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി പഠന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വന്യജീവി വകുപ്പിന്റെ അധീനതയിൽ പരിസ്ഥിതി പഠന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ കർത്തവ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കാലടി പ്രകൃതി പഠനകേന്ദ്രം, തൃശ്ശൂർ ജില്ലയിലെ കുതിരാൻ വനവിജ്ഞാനകേന്ദ്രം, കണ്ണൂർ ജില്ലയിലെ പി.ആർ.കുറുപ്പ് സ്മാരക ഇന്റർപ്രട്ടേഷൻ സെന്റർ എന്നീ പരിസ്ഥിതി പഠനകേന്ദ്രങ്ങൾ വനം വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഉതകുന്ന പ്രകൃതി പഠന ക്യാമ്പുകൾ, മറ്റു പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയാണ് പ്രസ്തുത സ്ഥാപനങ്ങളുടെ ലക്ഷ്യം. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കണ്ണവം റെയ്ഞ്ചിലുള്ള പി.ആർ. കുറുപ്പ് സ്മാരക പ്രകൃതി പഠന കേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ് 19 കാരണം കഴിഞ്ഞ 2 വർഷങ്ങളായി പ്രസ്തുത സെന്ററിന് ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം വനം വകുപ്പ് സംരക്ഷിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രം നവീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം പ്രവൃത്തികളും നടപടികളുമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത കേന്ദ്രം നവീകരിക്കുന്നതിന്റെ ഭാഗമായി കെട്ടിടം നവീകരിക്കുന്നതും, ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതും പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ